ആക്കുളം വാക്ക്‌വേ നിർമ്മാണം

19 [3606] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട വാക്ക്‌വേ നിർമ്മാണവുമായി ബന്ധപ്പെട്ട് ആക്കുളം കായലിനോട് ചേർന്ന് സർക്കാർ ഭൂമി സ്വകാര്യവ്യക്തികൾ കയ്യേറുന്നുണ്ടെന്ന പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കയ്യേറ്റം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) ആക്കുളം സെന്റ്സ് കോമ്പൗണ്ടിനും കായലിനും ഇടയിൽ സ്ഥിതിചെയ്യുന്ന തരിശുഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഹൗസിംഗ് ബോർഡ്, നിർമ്മിതി കേന്ദ്രം എന്നിവയുടെ നിയന്ത്രണത്തിലുള്ള സർക്കാർ സ്ഥലം ടൂറിസം ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ടൂറിസം ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി ആന്റ് ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

പാലക്കാട് ജില്ലയിലെ കുളമുക്ക് കായൽ, പുളിയപ്പറ്റ കായൽ എന്നിവ ടൂറിസ്റ്റ് കേന്ദ്രമാക്കാൻ നടപടി

20 [3607] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പരുതൂർ പഞ്ചായത്തിലെ കുളമുക്ക് കായൽ, തൃത്താല-പട്ടിത്തറ പഞ്ചായത്തിലെ പുളിയപ്പറ്റ കായൽ എന്നിവ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly